## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 262 — 28.06.2016 ൽ മറുപടി നൽകേണ്ടത്

### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

(എ) കേരളത്തിലെ പൊതു വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിപ്പിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്നു സർക്കാർ പഠനം നടത്തിയിട്ടിട്ടുണ്ടോ;

(എ) ഉണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം. കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി, വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14.06.2016 ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ, വിലക്കയറ്റ നിയന്ത്രണത്തിനായി സർക്കാരുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് ടി വ്യാപാരികൾ സമ്മതിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പൊതു വിപണിയിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന ബജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20% മുതൽ 62% വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പു പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും, സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം നടത്തി വരുന്നു.

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത. പൂഴ്ത്തിവെയ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ

എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും. സിവിൽ സപ്ലൈസ് വകുപ്പിന്റേയും നേതൃത്വത്തിൽ. പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും, റെയ്ഡുകളും നടത്തിവരുന്നു.

(സി) കൺസ്യൂമർഫെഡ്, സപ്ലൈകോ കൺസ്യൂമർഫെഡ്/സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും, മാവേലി സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങളുടെയും, അരി, പലവ്യഞ്ജനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഭക്ഷ്യ പൊതുവിതരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലും, മാവേലി സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങളുടെയും, അരി, പലവ്യഞ്ജനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തു ന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(2) സ്ഥല സൗകര്യം കുറഞ്ഞ വിൽപ്പന ശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

(3) മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉൽസവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി ആവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) മാവേലി സ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുവാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

(6) SP റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്.

ഇ-ടെൻഡർ വഴി കുറഞ്ഞ വിലയ്ക്ക് ആവശ്യമായ സാധനങ്ങൾ മൊത്തമായി വാങ്ങി ന്യായവിലയ്ക്ക് സൂപ്പർ മാർക്കറ്റുകളിലൂടെ നൽകിവരുന്നു. അരി, പലവ്യഞ്ജനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കൺസ്യൂമർഫെഡിന്റെ സ്വന്തം വിപണന കേന്ദ്രങ്ങളായ ത്രിവേണി, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി

എന്നിവയിലൂടെ അരി ഉൾപ്പെടെ വിവിധ അവശ്യ വസ്തുക്കൾ വിതരണം ചെയ്തു വരുന്നു.

(ഡി) പൊതു വിപണിയിലുള്ള വിലയേക്കാൾ ഉയർന്ന വിലയിലാണ് സപ്ലൈകോ, കൺസ്യൂമർഫെഡ്, മാവേലിസ്റ്റോർ എന്നിവിടങ്ങളിൽ ചില സാധനങ്ങളെങ്കിലും വിൽക്കുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ വഴി വിൽപ്പന നടത്തുന്ന സാധനങ്ങൾ പൊതു വിപണി വിലയേക്കാൾ ഉയർന്ന വിലയിലാണ് വിൽപ്പന നടത്തുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുവിപണി വിലയേക്കാൾ ഉയർന്ന വിലയിൽ അല്ല കൺസ്യൂമർഫെഡിന്റെ സ്റ്റോറുകളിലൂടെ സാധനങ്ങൾ വിൽക്കുന്നത്. ഇത്തരം ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ